# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## വാർഷിക പരീക്ഷ 2017 - 2018

## മലയാളം

**ക്ലാസ് : IV**

സമയം: 2 മണിക്കൂർ

മാർക്ക് : 50

### എ - വിഭാഗം

I താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക:

1910 ആഗസ്റ്റ് 27-നാണ് 'ആഗ്നസ് ' സ്കോപ്ജെ എന്ന പട്ടണത്തിൽ ജനിച്ചത്. അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയായിരുന്ന അവളെ 'ഗോംക്സ്' എന്ന ഓമനപ്പേരിട്ടാണ് വിളിച്ചിരുന്നത്. 'ഗോംക്സ്' എന്ന വാക്കിനർത്ഥം 'പൂമൊട്ട്' എന്നാണ്. പൂമൊട്ടുപോലെ മനോഹരിയായിരുന്നു ആഗ്നസ്. എപ്പോഴും പുഞ്ചിരിക്കുന്ന മുഖം. വളരെ പുതുക്കെ സംസാരിക്കുന്ന സ്വഭാവം. എല്ലാ ജീവികളെയും ഇഷ്ടമായിരുന്നു ആഗ്നസ്സിന്. ദൈവഭക്തിയുള്ളവളായിരുന്നു അവൾ.

ഒരു ദിവസം ഉച്ചഭക്ഷണം കഴിഞ്ഞ് വിശ്രമിക്കുകയാണ് എല്ലാവരും. ആഗ്നസ് മാത്രമേ ഇനി ഭക്ഷണം കഴിക്കാനുള്ളൂ. അവൾ അങ്ങനെയാണ്. എല്ലാവരും ഭക്ഷണം കഴിച്ചതിനു ശേഷമേ കഴിക്കുമായിരുന്നുള്ളൂ. അവൾ ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോഴാണ് ഒരു ബാലൻ അവരുടെ വീട്ടിലേക്കു കയറി വന്നത്. നന്നായി മുഷിഞ്ഞ വേഷം മുഖം കണ്ടാലറിയാം, നല്ല വിശപ്പുണ്ടെന്ന്. "കുടിക്കാൻ കുറച്ചു വെള്ളം മാത്രമേ അവൻ ചോദിച്ചുള്ളൂ. ആഗ്നസിന്റെ അമ്മ വിഷമിച്ചു. ആഗ്നസിനുള്ള ഭക്ഷണം മാത്രമേ അവിടെയുള്ളൂ. അതുകൊടുത്താൽ ! വേണ്ട. അവനു കുറച്ചു വെള്ളം കൊടുത്തുവിടാം, അവർ തീരുമാനിച്ചു. അപ്പോഴേക്കും ആഗ്നസ് തനിക്കുള്ള ഭക്ഷണവുമായി വന്നു.... അത് ആ ബാലന് നൽകി. ആർത്തിയോടെ അവൻ ഭക്ഷണം കഴിച്ചു. ആഗ്നസും അമ്മയും അവനെ നോക്കി നിന്നു.... ഭക്ഷണം നൽകിയതിനു നന്ദി പറഞ്ഞ് അവൻ പോയി. അന്ന് പട്ടിണിയായിരുന്നു ആഗ്നസിന്. എങ്കിലും അവൾക്കു സന്തോഷവും സമാധാനവും തോന്നി.

'വിശക്കുന്നവർക്ക് ആഹാരം നൽകണം' എന്നത് ഒരു പ്രതിജ്ഞയായി ആഗ്നസ് സ്വീകരിച്ചു. ജീവിതത്തിലുടനീളം അവരതു പാലിച്ചു. അങ്ങനെ ആഗ്നസ് അഗതികളുടെ അമ്മയായി. മദർ തെരേസയായി.

ചോദ്യങ്ങൾ:

1. ഖണ്ഡികയ്ക്ക് അനുയോജ്യമായ തലക്കെട്ട് നൽകുക.
2. ആഗ്നസിന്റെ ജനനം എവിടെ വെച്ചായിരുന്നു?
3. ബാലൻ എന്താണ് ചോദിച്ചത്?
4. ആഗ്നസ് എടുത്ത പ്രതിജ്ഞ എന്തായിരുന്നു?
5. ആഗ്നസ് പിൽക്കാലത്ത് ആരായി മാറി? (5x1=5)

### ബി - വിഭാഗം

II താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കരിയില ചോദിച്ചു : മണ്ണാങ്കട്ടേ!

കാശിക്കു പോകേണ്ടേ മണ്ണാങ്കട്ടേ!

പോകണം! പോകണം നമ്മൾ രണ്ടും

കാശിക്കു പോകണം പുണ്യമുണ്ടേ!

രണ്ടാളുമൊന്നിച്ചു മാനത്തൂടേ

കണ്ടും പറഞ്ഞും നടന്നുപോയി

കാറ്റു വരുന്നല്ലോ, മണ്ണാങ്കട്ടേ!
ചുറ്റിപ്പോം ഞാനിപ്പോൾ, കാത്തിടേണം
കരിയില നീങ്ങാതേ മണ്ണാങ്കട്ട
കയറിയിരുന്നു പുറത്തുവേഗം
മഴയൊന്നു പിന്നാലെ വന്ന നേരം
വിഷമിച്ചു നിന്നുപോയ് മണ്ണാങ്കട്ട
കരിയില കുടപോലെ പൊങ്ങിനിന്നു.
കരയുന്ന മിത്രത്തെ കാത്തു പോന്നു
ഇരുവരുമാപത്തു നീങ്ങി വേഗം
തരമൊടു കൈക്കോർത്തു യാത്രയായി.

ചോദ്യങ്ങൾ:

1. പദ്യത്തിന് അനുയോജ്യമായ തലക്കെട്ട് നൽകുക.
2. കരിയില മണ്ണാങ്കട്ടയോട് എന്താണ് ചോദിച്ചത്?
3. കാശിക്കു പോകുന്നതുകൊണ്ട് എന്തുഗുണം കിട്ടുമെന്നാണ് കരിയില പറഞ്ഞത്?
4. മണ്ണാങ്കട്ട കരിയിലയെ എപ്രകാരമാണ് രക്ഷിച്ചത്?
5. കരിയില എപ്രകാരമാണ് മണ്ണാങ്കട്ടയെ രക്ഷിച്ചത്? (5x1=5)

## ബി - വിഭാഗം

I താഴെ തന്നിരിക്കുന്ന വിഷയത്തെ കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

1. സ്വാമിവിവേകാനന്ദൻ. (5)

II ആശയവിപുലനം തയ്യാറാക്കുക:

നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം. (5)

## സി - വിഭാഗം

I 1. ചേരുംപടി ചേർക്കുക:

| എ | ബി |
|---|---|
| 1. കൊന്തയും പൂണൂലും | a. അഘോരനാഥ ചതോപാധ്യായ |
| 2. പുഷ്പവാടി | b. സ്വാമി വിവേകാനന്ദൻ |
| 3. ബംഗാളി പണ്ഡിതൻ | c. വയലാർ രാമവർമ |
| 4. തേജസ്വിയായ വാഗ്മി | d. കുമാരനാശാൻ |

$(4x^1/_2=2)$

II പിരിച്ചെഴുതുക:

1. പാടിപ്പറന്ന്
2. വടിവൊത്ത
3. ലിപിയിലുള്ള
4. നീലക്കറുക $(4x^1/_2=2)$

III ചേർത്തെഴുതുക:

1. തേൻ + ഈച്ച
2. കൈ + തുമ്പിൽ
3. കുത്തി + പൊക്കി
4. സർഗാത്മകത + ഉടെ $(4x^1/_2=2)$

IV വിഗ്രഹിച്ചെഴുതുക:

1. അംഗചലനങ്ങൾ
2. വിവേകാനന്ദ സ്മാരകം
3. പുഷ്പഗന്ധം
4. പാശ്ചാത്യശില്പി $(4x^1/_2=2)$

V പദശുദ്ധി വരുത്തുക:

1. നീഢം - നീഡം
2. പികം - പിഗം
3. ഉപായം - ഉഭായം $(3x^1/_2=1^1/_2)$

VI എതിർലിംഗം എഴുതുക:

1. നരൻ
2. പണ്ഡിത
3. കവി $(3x^1/_2=1^1/_2)$

VII ചിഹ്നം ചേർത്ത് എഴുതുക.

സർ ക്ഷമിക്കണം ഇഷ്ടമില്ലാത്ത പാഠങ്ങൾ പഠിക്കുമ്പോഴും പഠിച്ചു പഠിച്ചു മടുക്കുമ്പോഴും കവിത എഴുതാൻ എനിക്ക് തോന്നാറുണ്ട് അതുകൊണ്ട് എഴുതിപോയതാണ് (1x1=1)

VIII വാക്യം ക്രമപ്പെടുത്തി എഴുതുക.

നീന്തലിനാണ് / മിന്നൽ വേഗം / ഏറ്റവും യോജിക്കുന്നത് / സ്രാവുകളുടെ / എന്ന ശൈലി (1x1=1)

IX അർത്ഥവ്യത്യാസം കൂടാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക:

1. ദീപ നന്നായി ചിത്രം വരയ്ക്കും
2. രവി രണ്ടു ദിവസം കഴിഞ്ഞ് പോകും. (2x1=2)

## ഡി - വിഭാഗം

I കവിത പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക :

പൂക്കുന്നിതാ......................................................................

..................................................................................................

..................................................................................................

........................................................................ കോകിലങ്ങൾ (8 വരി) (1x 4=4)

II അർത്ഥം എഴുതുക:

1. ചൊടിക്കുക
2. അന്തി
3. ഞാൺ
4. ശീതം $(4x^1/_2=2)$

III വിപരീതം എഴുതുക:

1. പ്രഭാതം
2. സുഗന്ധം
3. ഉന്നതം $(3x^1/_2=1^1/_2)$

IV പര്യായ പദങ്ങൾ എഴുതുക :

1. ചിറക് (പ) (1 x **1** =1)

V നാനാർത്ഥം എഴുതുക : (1 x **1** =1)

1. കിളരുക (നാ)

VI അർത്ഥവ്യത്യാസം എഴുതുക : $(2\ x^1/_2=1)$

1. തുമ്പ
2. തൂമ്പ

VII വാക്യത്തിൽ പ്രയോഗിക്കുക : (1 x **1** =1)

1. പിന്നാക്കം പോകുക.

VIII ഒറ്റവാക്കിൽ ഉത്തരം എഴുതുക : $(2x^1/_2=1)$

1. ഏഷ്യയുടെ ശബ്ദമായി മാറിയ ഭാരതത്തിന്റെ വാനമ്പാടി ആര്?
2. 'കുരുവിക്കൂട്' എന്ന കവിത എഴുതിയതാര്?

IX രണ്ടോ അതിലധികമോ വാക്യത്തിൽ ഓരോ ചോദ്യത്തിനും ഉത്തരം എഴുതുക.

1. കരിമലയന്മാർ എന്തെല്ലാം പണികൾ ചെയ്തിട്ടാണ് പോകുന്നത്? (1)
2. 'വലിയ കൊടുങ്കാറ്റലറി വരുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്? $(1^1/_2)$

*** *** ***